**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **30-06-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ ഇതുവരെ കൈവരിച്ച നേട്ടം വിശദമാക്കാമോ; എത്ര ശതമാനം വീടുകൾക്ക് പൈപ്പ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2024-ഓടെ എല്ലാ ഗ്രാമീണ വീട്ടുകളിലും കുടിവെള്ള കണക്ഷൻ നല്കുവാൻ ലക്ഷ്യമിട്ടാണ് ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം നടന്നുവരുന്നത്. സംസ്ഥാനത്ത് ജലജീവൻ മിഷൻ ഇതുവരെ കൈവരിച്ച നേട്ടം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജലസ്രോതസ്സുകളുടെ ലഭ്യതയും സുസ്ഥിരതയും പരിപാലനവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ജലജീവൻ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളപദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് സ്രോതസ്സുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും സോഴ്സ് ഫൈൻഡിങ് കമ്മിറ്റികൾ നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റി പരിശോധിച്ച് സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പാക്കിയാണ് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നത്. കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന പ്രവർത്തനങ്ങളും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതു കൂടാതെ കുടിവെള്ള ഗുണനിലവാര പരിശോധന സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ സംസ്ഥാനത്ത് 85 കുടിവെള്ള പരിശോധന ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 63 ലാബുകൾക്ക് എൻ.എ.ബി.എൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. കുടുംബശ്രീ മുഖാന്തിരം 5000 ത്തിൽ പരം വനിതകൾക്ക് ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാര |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തുവാനുള്ള പരിശീലനം നൽകുകയും കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണം തടസ്സരഹിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ; | (സി) | ജല ജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനും ജില്ലാതലത്തിൽ ജില്ലാകളക്ടർമാർ അധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളും നിലവിലുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളാണ് പദ്ധതികൾക്ക് ജില്ലാതല അനുമതി നൽകുന്നത്. ഇപ്രകാരം ജില്ലാതലത്തിൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾക്കാണ് ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭ്യമാക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്. പദ്ധതിയുടെ മിഷൻ ഡയറക്ടറായ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും കേന്ദ്ര-സംസ്ഥാന സർക്കാരുകളും നിരന്തരം അവലോകനം ചെയ്യുന്നതു കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയും പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനു പുറമെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രതിദിന പുരോഗതിയും തടസ്സങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിൽ ദിവസംതോറും പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. |
| (ഡി) | പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | (ഡി) | പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്തു റോഡുകളുടെ പരിപാലനവും ജല വിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത്, ജലസേചന വകുപ്പുകളുടെ ഉന്നതതല യോഗം, സ്ഥിരം കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ട്. കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശനങ്ങൾ പരിഹരിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ |

| | | | |
|---|---|---|---|
| | | | മാസവും ഡി.ഐ.സി.സി (ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) യോഗം കൂടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന മുൻഗണന പട്ടികയിലുള്ള ജല ജീവൻ മിഷൻ പദ്ധതിക്കായി റോഡ് കട്ടിങ് അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ തലത്തിൽ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്. ജല ജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാകേണ്ട പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര സർക്കാർ നേരിട്ട് വിലയിരുത്തി അനുമതി നല്കുന്നതിനുള്ള സംവിധാനം, വെബ് സൈറ്റിൽ നേരിട്ട് നൽകുന്ന സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയബന്ധിതമായി നല്കുവാൻ കേന്ദ്ര തലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു യോഗങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | ലക്ഷത്തിൽ |
|---|---|
| സംസ്ഥാനത്താകെയുള്ള ഗ്രാമീണ വീടുകളുടെ എണ്ണം | 70.68 |
| 01.04.2020–ൽ ഗ്രാമീണമേഖലയിൽ നിലവിലുണ്ടായിരുന്ന കണക്ഷനുകൾ | 17.5 |
| ജലജീവൻ മിഷൻ പദ്ധതിക്കു കീഴിൽ ഭരണാനുമതി നൽകിയത് | 52.9 |
| ജലജീവൻ മിഷനിൽ ഇതുവരെ നൽകിയ കണക്ഷനുകൾ | 11.99 |
| ആകെ ഗ്രാമീണമേഖലയിലുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണം (22.06.2022) | 29.49 |
| വീടുകൾക്ക് നൽകിയ കുടിവെള്ള കണക്ഷനുകളുടെ ശതമാനം (22.06.2022) | 41.72% |